(ഡി) ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യം ഇട്ടിട്ടുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്ക് ആവശ്യമായ വിവിധ സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയും ആയതിന്റെ സെക്യൂരിറ്റി ആഡിറ്റ്, ഇന്റഗ്രേഷൻ, ആവശ്യമായ സെർവറുകളുടെ സ്ഥാപനം, റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള E-PoS മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻ കടകളിൽ എത്തിക്കൽ തുടങ്ങിയ നടപടികളാണ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒരു പൈലറ്റ് പ്രോജക്ട് ആയി നടത്തിവരുന്നത്. ഈ പ്രക്രിയകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി

6(*246) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം.ഉമ്മർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം അപേക്ഷ നൽകിയതിൽ അർഹതയുള്ളവർക്കെല്ലാം വിതരണം ചെയ്യാൻ ആവശ്യമായത്ര ഭൂമി ലഭ്യമായിട്ടുണ്ടോ; വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭ്രൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 43,437 ഭ്രൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെയും പട്ടയം അനുവദിച്ചവരുടെയും എണ്ണം താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	35,851	3,181
കൊല്ലം	28,591	683
പത്തനംതിട്ട	6,807	883
ആലപ്പുഴ	14,163	256
കോട്ടയം	10,388	1,309
ഇടുക്കി	7,970	8,561 (പിന്നീട് കിട്ടിയ അപേക്ഷകരേയും ഉൾപ്പെടുത്തി)
എറണാകുളം	31,379	1,449
തൃശ്ശൂർ	26,776	510
പാലക്കാട്	23,874	2,114
മലപ്പുറം	23,962	843
കോഴിക്കോട്	8,304	1,550
വയനാട്	4,546	727
കണ്ണൂർ	11,099	11,100
കാസർഗോഡ്	10,218	10,271
ആകെ	2,43,928	43,437

1-2-2014 മുതൽ 31-3-2014 വരെ ലഭ്യമായതും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും ജില്ലാതലത്തിൽ റവന്യൂ വകുപ്പ് മന്ത്രി നടത്തിയ റവന്യൂ സർവ്വേ അദാലത്തുകളിലും ലഭ്യമായ അപേക്ഷകളിൽനിന്നുകൂടി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. രണ്ടാംഘട്ടത്തിൽ പട്ടയ വിതരണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കും ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാനാവശ്യമായ ഭൂമി ലഭ്യമായിരുന്നു. ആവശ്യമായ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം ഊർജ്ജിതമായി പുരോഗമിച്ചുവരുകയാണ്. ചില ജില്ലകളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായത്രയും സർക്കാർ അധീനതയിലുള്ള ഭൂമി കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഭൂമി ലഭ്യമാകുന്നതിനനുസൃതമായി രണ്ടാംഘട്ട പട്ടയം വിതരണം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ പദ്ധതിയിലേക്ക് ഭൂമി ദാനമായി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കല്യാൺ ജ്വവലേഴ്സ് 24 ഫ്ലാറ്റുകൾ സൗജന്യമായി വച്ച് തരുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ എസ്.ഡി. ഫൗണ്ടേഷൻ 20 വില്ലകൾ സൗജന്യമായി പണിതു തരുന്നുണ്ട്. ഇവയുടെ നടപടികൾ നടന്നുവരുന്നു.

ഇ-രേഖാ പദ്ധതി

7(*247) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. ഇ-രേഖാ പദ്ധതിപ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) കേരളാ ലാൻറ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS

LIBRARY ARCHIVES Kerala Legislative Assembly